TB Movie Panel Weekly Review

**#moviepanel**

സൂപ്പർ ശരണ്യ:

Written By: Lijo Rachel George

ഒരു ഉൾനാടൻ ഗ്രാമത്തിൽ ജനിച്ചു വളർന്ന, അന്തർമുഖയായ പെൺകുട്ടി graduation ന് പട്ടണത്തിൽ എത്തുന്നതും, അന്തർമുഖത്വം മൂലം അവൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും പിന്നീട് അതിനെ അവൾ തരണം ചെയ്യുന്നതും ഒക്കെയാണ് സിനിമ പറയുന്നത്. ക്യാമ്പസ് പ്രണയം, സോഷ്യൽ മീഡിയ പ്രണയം മുതലായ ഇന്നത്തെ പതിവ് വിഷയങ്ങൾ കൂടി ഉൾപ്പെട്ട ഒരു കോമഡി-ക്യാമ്പസ്- റൊമാന്റിക് ചിത്രം കൂടിയാണ് ഇത്.തിയേറ്റർ റിലീസ് ആയെത്തിയ സിനിമ zee5 എന്ന ഒടിടി പ്ലാറ്റഫോമിൽ ലഭ്യമാണ്.

കോളേജ് ലൈഫും അന്നത്തെ തമാശകളും സൗഹൃദങ്ങളും കുറുമ്പുകളുമൊക്കെ ഒരിക്കൽ കൂടി ഓർമിപ്പിക്കാൻ ചിത്രം നിങ്ങൾക്ക് അവസരം ഒരുക്കുന്നതാണ്.പഠനകാലത്ത് ഹോസ്റ്റലിൽ നിന്നിട്ടുള്ളവർക്ക് ഈ ചിത്രം കുറച്ചു കൂടി ആസ്വാദ്യകരമായിരിക്കും. അന്തർമുഖത്വം ഉള്ളവരുടെയും ഗ്രാമത്തിൽ ജീവിച്ചു വന്നവരുടെയും വികാരങ്ങളും സ്വഭാവ രീതികളും റിയലിസ്റ്റിക് ആയി പകർത്തിയിട്ടുണ്ട് എന്ന് പറയാം.

ഈ സിനിമയുടെ കഥയും സംവിധാനവും, തണ്ണീർ മത്തൻ ദിനങ്ങൾ സംവിധാനം ചെയ്ത ശ്രീ. ഗിരീഷ് A.D ആണ്.സെൻട്രൽ പിക്ചർസിന്റെ ബാനറിൽ ചിത്രം നിർമിച്ചിരിക്കുന്നത് ഷെബിൻ ബക്കറും ഗിരീഷ് A.D യും ചേർന്നാണ്.ജസ്റ്റിൻ വർഗീസിൻറെ സംഗീതം മലയാള സിനിമയിലെ ഇന്നത്തെ രീതിയോട് യോജിക്കുന്ന തരത്തിൽ ഓർമയിൽ തങ്ങി നില്ക്കുന്നതും അല്ലാത്തതുമായ പാട്ടുകൾ ചേർന്നതാണ്.

അനശ്വര രാജനും അർജുൻ അശോകനും നായികാനായകന്മാരായെത്തുന്ന ചിത്രത്തിൽ മമിത ബൈജു, വിനീത് വാസുദേവൻ,മണികണ്ഠൻ പട്ടാമ്പി,ബിന്ദു പണിക്കർ, സ്നേഹ ശ്രീകുമാർ,നസ്ലിൻ കെ ഗഫൂർ, വിനീത് വിശ്വം തുടങ്ങിയവരും പ്രധാന വേഷത്തിൽ അഭിനയിക്കുന്നു.പ്രധാന താരങ്ങൾ തങ്ങളുടെ വേഷങ്ങൾ ഒരു വിധം നന്നായി കൈകാര്യം ചെയ്തിട്ടുണ്ടെങ്കിലും മമിത ബൈജു അവതരിപ്പിച്ച സോനയും മമിതയുടെ അഭിനയവും പലപ്പോഴും അനശ്വരയുടെ ശരണ്യയെക്കാൾ മികച്ചു നിന്നു.

അതുപോലെ വിനീത് വാസുദേവൻ അവതരിപ്പിച്ച അജിത് മേനോൻ എന്ന കഥാപാത്രം ക്യാമ്പസുകളിലും ജീവിതത്തിലും പലർക്കും ഇടപഴകേണ്ടി വരുന്ന ടോക്സിക് ആയിട്ടുള്ള വ്യക്തികളെ ഓർമിപ്പിക്കുന്നുണ്ട്.ടോക്സിക്

നായക സങ്കല്പങ്ങളെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്തു റിയലിസ്റ്റിക് ആയി അവതരിപ്പിക്കുന്നതിൽ സംവിധായകനും അതിനെ അഭിനയിച്ചു ഫലിപ്പിക്കുന്നതിൽ വിനീത് വാസുദേവനും വിജയിച്ചിട്ടുണ്ട്. സിനിമ കണ്ട ശേഷവും മനസ്സിൽ തങ്ങി നില്ക്കുന്ന കഥാപാത്രങ്ങളിൽ പ്രധാനിയാണ് അജിത് മേനോൻ.ഓരോ സിനിമയിലും വ്യത്യസ്തമായ കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുന്ന അർജുൻ അശോകൻ ഈ ചിത്രത്തിലും നല്ല പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്.

എന്നിരുന്നാലും, ആദ്യ പകുതിയിൽ പ്രേക്ഷകന് തോന്നുന്ന താത്പര്യം അവസാനം വരെ നിലനിർത്തുന്നതിൽ സംവിധായകൻ വിജയിച്ചു എന്ന് പറയാനായില്ല. രണ്ടാം പകുതിയിൽ കുറച്ചു ഭാഗങ്ങളിൽ ഒരു ഇഴച്ചിൽ അനുഭവപ്പെട്ടു.സിനിമയുടെ പേരിൽ മുതൽ ഒരു ആക്ഷേപ ഹാസ്യപരമായ സമീപനമാണ് ചിത്രത്തിൽ പലപ്പോഴും സംവിധായകൻ സ്വീകരിച്ചിട്ടുള്ളത്. ഇതൊക്കെയാണെങ്കിലും,ചലച്ചിത്രത്തിന്റെ ആഖ്യാന ശൈലി എല്ലാവർക്കും തൃപ്തികരമായ രീതിയിൽ ആയിക്കൊള്ളണമെന്നുമില്ല.അത് മാത്രമല്ല, സിനിമ പകർന്നു നല്കുന്ന സന്ദേശവും അത്ര വിശ്വാസകരമായോ തൃപ്തികരമായോ തോന്നിയില്ല.അതുകൊണ്ട് ഒക്കെ തന്നെ, കുറച്ചു ഭാഗങ്ങളിൽ ലോജിക്കിനെ ഒരു വശത്തേക്ക് മാറ്റി വെച്ചിട്ട് കാണുന്നതാവും നല്ലതെന്ന് തോന്നുന്നു.